# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 725 04.03.2020-ൽ മറുപടിക്ക്

## സിനിമാ റെഗുലേറ്ററി അതോറിറ്റി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചലച്ചിത്ര മേഖലയിലെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) & (ബി) | സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നു. സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഡി.സി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ മേധാവികളുമായി പ്രാഥമിക ചർച്ച നടത്തിയിരുന്നു. |
| (ബി) | സിനിമാ പ്രവർത്തകർക്കായി രൂപീകരിക്കുന്ന അതോറിറ്റി സംബന്ധിച്ച് പ്രസ്തുത മേഖലയിലുള്ളവരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ജുഡീഷ്യൽ സ്വഭാവമുള്ള അതോറിറ്റി സിനിമാ രംഗത്ത് എത്രമാത്രം പ്രായോഗികമാകുമെന്ന് പരിശോധിക്കാമോ ? | (സി) | കരട് ബില്ല് രൂപീകരിക്കുന്ന വേളയിൽ ഈ വിഷയം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**